# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2411 — 01/04/2013-ൽ മറുപടിയ്ക്ക്

## ജലസേചന വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലസേചന വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; | എ) ജലസേചന വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം ആരംഭിച്ചുകഴിഞ്ഞു. 17.61 കി.മീ നീളം വരുന്ന ഉൾനാടൻ ജലഗതാഗത പാതയായ വടകര മാഹി കനാലിന്റെ ഏകദേശം 10 കി.മീ വരുന്ന ഭാഗത്തെ ജോലികൾ ഇ-ടെൻഡറിംഗ് സംവിധാനം വഴി ടെൻഡർ ചെയ്തിട്ടുണ്ട്. |
| ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | ബി) പ്രസ്തുത സംവിധാനം വഴി ദർഘാസ് നടപടികൾ കൂടുതൽ എളുപ്പവും സുതാര്യവും ആയി മാറും. കരാറുകാർക്ക് ഒഫീസുകളിൽ കയറി ഇറങ്ങാതെ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. |
| സി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | സി) ഏപ്രിൽ മാസം ഒന്നു മുതൽ ജലസേചന വകുപ്പിൽ വരുന്ന 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാജോലികൾക്കും ഇ-ടെൻഡറിംഗ് സംവിധാനം നടപ്പിലാക്കാനാണ് ആദ്യ ഘട്ടമായി ഉദ്ദേശിക്കുന്നത് |
| ഡി) കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) സുതാര്യമായ സംവിധാനം എന്ന നിലയിൽ കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ കഴിയും. കരാറുകാർക്ക് ഓഫീസുകളിൽ പോകാതെ തന്നെ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. ഏതൊക്കെ കരാറുകാർ പങ്കെടുക്കുന്നുണ്ട് എന്ന വിവരം അറിയുവാൻ സാധിക്കുന്നതല്ല. ഇത്തരം സൗകര്യ |

ങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ കരാറുകാർ ദർഘാസിൽ പങ്കെടുക്കുന്നതു മൂലം മത്സര സ്വഭാവമുള്ള ദർഘാസുകൾ ലഭിക്കുന്നതിനും കൂടുതൽ പരിചയ സമ്പത്തുള്ള കരാറുകാർ ദർഘാസിൽ പങ്കെടുക്കുന്നതിനും അവസരം ഒരുക്കും.

**സെക്ഷൻ ഓഫീസർ**